LIBRARY ARCHIVES Kerala Legislative Assembly

## XII ക്രമപ്രശ്നം

<u>നിയമം പാസ്സാക്കുന്നത് സംബന്ധിച്ച്</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, സി.&എ.ജി. റിപ്പോർട്ടിനെ സംബന്ധിച്ച് ചർച്ച നടന്നപ്പോൾ ചില വടക്കേ ഇന്ത്യൻ സ്റ്റേറ്റുകളിൽ പാർലമെന്റ് പാസ്സാക്കിയ നിയമത്തിനെതിരെ ബദൽ നിയമം പാസ്സാക്കുകയാണ് എന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിശദീകരിക്കുകയുണ്ടായി. അതിനെ contradict ചെയ്യുല്ല ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത്. ഭരണഘടന പ്രകാരം പാർലമെന്റിൽ പാസ്സാക്കുന്ന നിയമത്തിനെതിരെ നിയമസഭയ്ക്ക് നിയമം പാസ്സാക്കാൻ അധികാരമില്ലെന്നാണ് ഞാൻ ഉന്നയിച്ചത്. അതല്ലാതെ നിയമം പാസ്സാക്കിയാൽ ഇതില്ലാതെയാകും അത്ര യേയുള്ളൂ, അതിന് പ്രത്യേകിച്ച് തീരുമാനമൊന്നും വേണ്ട. അപ്പോൾ അദ്ദേഹം പറഞ്ഞു ഇത് കൺകറന്റ് ലിസ്റ്റാണെന്ന്. കൺകറന്റ് ലിസ്റ്റിലായാലും അത് ചെയ്യാൻ സാധിക്കില്ല. കാരണം കൺകറന്റ് ലിസ്റ്റ് കേന്ദ്രത്തിന് അധികാരമുള്ളതാണെന്നു മാത്രമല്ല, ഭരണഘടന യൂണിറ്ററിയായി മാറും. പക്ഷേ അദ്ദേഹമത് സമ്മതിച്ചില്ല. അതുകൊണ്ട് ഞാൻ അതിന്മേൽ റൂളിംഗ് ചോദിച്ചിരിക്കുകയാണ്. എനിക്ക് റൂളിംഗ് അറിയണം. ഇത് ഭരണഘടനാ പ്രശ്നമാണ്. ഞാൻ ഭരണഘടനയ്ക്കുവേണ്ടിയാണ് വാദിച്ചത്. അതിന് ബി.ജെ.പി.-ക്കുവേണ്ടി ഞാൻ വാദിക്കുകയാണെന്ന് പറയുന്നു. ബി.ജെ.പി.-യുടെ വകയാണോ ഭരണഘടന? ഭരണഘടനയിലെ ആർട്ടിക്കിളാണ് ഞാൻ പറയുന്നത്. ഈ സഭയിൽ റൂളിംഗ് തരണം. കൺകറന്റ് ലിസ്റ്റായാലും സെൻട്രൽ ലിസ്റ്റായാലും പാർലമെന്റ് പാസ്സാക്കിയ നിയമത്തിനെതിരെ സംസ്ഥാനത്തിന് നിയമം പാസ്സാക്കാൻ അധികാരമില്ലെന്നുള്ള വാദമാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് അംഗീകരിക്കാതിരുന്നതുകൊണ്ടാണ് ഞാൻ ഇപ്പോഴിത് ഉന്നയിക്കുന്നത്. പിന്നീട് ഈ സഭയിൽ റൂളിംഗ് തരേണ്ടതായിവരും.

<u>മി. സ്പീക്കർ</u>: റൂളിംഗ് നൽകാം.

(i) <u>2021-ലെ കേരള ധനവിനിയോഗ ബിൽ</u>

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ധനവിനിയോഗ ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ 5 വർഷക്കാലം കേരളത്തിന് വികസന വസന്തമൊരുക്കിയ, ക്ഷേമപ്രവർത്തനങ്ങളുടെ ധാരാളിത്വം സൃഷ്ടിച്ച ഒരു ഗവൺമെന്റ് ഭാവികേരളത്തെ കരുപിടിപ്പിക്കുന്നതിന് ആർജ്ജിതമായ, ലഭ്യമായ സമ്പത്തിനെ ക്രമീകരിക്കുന്ന ഒരു പ്രക്രിയയാണ് ഈ ബഡ്ജറ്റിലൂടെ നടത്തിയിരിക്കുന്നത്. ഒരുപാട് മാറ്റങ്ങളാണ് കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ കേരളത്തിൽ സംഭവിച്ചിട്ടുള്ളത്. അത് ആർക്കും നിഷേധിക്കാനാകില്ല. പ്രതിപക്ഷം കണ്ണടച്ചുകൊണ്ട് ഈ യാഥാർത്ഥ്യങ്ങളെ